**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 940** **31-01-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ പാട്ടവ്യവസ്ഥയിൽ നൽകിയ വനഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ പാട്ടവ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്ക് നൽകിയിരിക്കുന്ന വനഭൂമിയുടെ വിശദ വിവരം ലഭ്യമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ ഈസ്റ്റേൺ സർക്കിളിന് കീഴിൽ നെന്മാറ വനം ഡിവിഷനിലെ നെല്ലിയാമ്പതി റെയിഞ്ചിന്റെ പരിധിയിൽ 22 ഉടമസ്ഥതകളിലുള്ള വിവിധ എസ്റ്റേറ്റുകളിലായി പാട്ടവ്യവസ്ഥയിൽ 7598.12 ഏക്കർ വനഭൂമി കൈവശം വച്ചുവരുന്നുണ്ട്. ആയതിൽ 2669.99 ഏക്കർ വനഭൂമിയുടെ പാട്ടം റദ്ദ് ചെയ്ത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും, എസ്റ്റേറ്റ് ഉടമകൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ ഉത്തരവ് പ്രകാരം തുടർനടപടികൾ നിർത്തിവക്കുന്നതിന് ബഹു. കോടതി ഉത്തരവായിരുന്നു. |
| (ബി) | പാലക്കാട് ജില്ലയിൽ പാട്ട കാലാവധി കഴിഞ്ഞ എത്ര വനഭൂമിയാണ് തിരികെ ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ? | (ബി) | പാലക്കാട് ജില്ലയിൽ ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ പാട്ടക്കാലാവധി കഴിഞ്ഞിട്ടും സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന ഭൂമികൾ ഒന്നും തന്നെയില്ല. എന്നാൽ പാട്ടക്കാലാവധി കഴിഞ്ഞിട്ടും കേന്ദ്ര/സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ 2468.132 ഹെക്ടർ വനഭൂമി കൈവശം വച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ഈസ്റ്റേൺ സർക്കിൾ | | | |
|---|---|---|---|
| ഡിവിഷൻ | സ്ഥാപനം | വിസ്തൃതി | റിമാർക്സ് |
| മണ്ണാർക്കാട് | കെ.എസ്.ഇ.ബി (അരീക്കോട്-പാഞ്ഞാൾ) | 1.295 ഹെ. | 07.01.2007-ന് പാട്ടക്കാലാവധി അവസാനിച്ചു. കരാർ പുതുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർനടപടികൾ കെഎസ്.ഇ.ബി സ്വീകരിക്കേണ്ടതാണ്. |
| പാലക്കാട് | ഐ.എഫ്.ടി.ജി.ബി | 11.59 ഹെ. | പാട്ടക്കാലാവധി 31.12.2014-ന് അവസാനിച്ചു. കരാർ പുതുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| പാലക്കാട് | കഞ്ചിക്കോട് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ | 4.80 സെന്റ് (0.01942 ഹെ.) | പാട്ടക്കാലാവധി 17.05.2005-ന് അവസാനിച്ചു. കരാർ പുതുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| വൈൽഡ്ലൈഫ് സർക്കിൾ, പാലക്കാട് | | | |
| പറമ്പിക്കുളം ടൈഗർ റിസർവ്വ് | പറമ്പിക്കുളം-ആളിയാർ പദ്ധതി | 2455.228 ഹെ. | ലാൻഡ് ലൈസൻസ് വിഭാഗത്തിൽ തമിഴ്നാട് സർക്കാർ ഉപയോഗിച്ച് വരുന്ന വനഭൂമി തിരികെ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| **ആകെ** | | **2468.132 ഹെ.** | |